**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 3741 17.10.2011 ൽ മറുപടിക്ക്

**കടമക്കുടി പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടമക്കുടി പഞ്ചായത്തിൽ ശുദ്ധ ജലം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ ; | (എ) ജിഡയുടെ സഹായത്തോടെ കടമക്കുടി പഞ്ചായത്തിനുവേണ്ടി നടപ്പിലാക്കുന്ന ഉന്നത തല ജല സംഭരണികളും പമ്പ് സെററുകളും ഒഴികെ ബാക്കി എല്ലാ ഘടകങ്ങളുടെയും പണികൾ ടെണ്ടർ ചെയ്തു. മേൽ പറഞ്ഞ സംഭരണികളുടെയും പമ്പ് സെററു കളുടെയും എസ്റ്റിമേററ് തയ്യാറാക്കി ക്കൊണ്ടിരിക്കുന്നു. ടെണ്ടർ വിളിച്ച വയിൽ റോ വാട്ടർ പമ്പിംഗ് മെയിൻ. ജല ശുദ്ധീകരണ ശാല, പുത്തൻ പള്ളിയിൽനിന്നും പിഴല സമ്പ് വരെയുള്ള പമ്പിംഗ് മെയിൻ,പിഴല സമ്പിൽ നിന്നും പാലിയം തുരുത്ത് കോതാട് എന്നിവിടങ്ങളിലെ ഉന്നത തല സംഭരണിയിലേക്കുള്ള പമ്പിംഗ് മെയിനുകളുടെയും പ്രവർത്തികൾ ക്കുള്ള കരാർ ഉറപ്പിച്ചു. മുപ്പതടം പ്ലാൻറ് സൈററിൽ നിന്ന് പുത്തൻ പള്ളി ജംഗ്ഷൻ വരെയും പുത്തൻ പള്ളിയിൽ നിന്ന് വാരാപ്പുഴയിലുള്ള ഉന്നത തല സംഭരണിയിലേക്കുമുള്ള പമ്പിംഗ് മെയിനുകളുടെയും ദർഘാസുകൾ പരിശോധന യിലാണ്. |
| (ബി) മുപ്പത്തടം വാട്ടർ ടാങ്കിൻെറ നിർമ്മാണം എപ്പോൾ ആരംഭി ക്കുവാൻ കഴിയുമെന്ന് അറിയി ക്കുമോ ? | (ബി) ടി പദ്ധതിയിൽ മുപ്പത്തടത്ത് വാട്ടർ ടാങ്ക് ഇല്ല. മുപ്പത്തടത്ത് സ്ഥാപി ക്കാൻ വിഭാവനം ചെയ്തിട്ടുള്ള 4.5 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീ കരണശാലയുടെ പണികളുടെ കരാർ 26.08.2011 ൽ ഉറപ്പിച്ചു. ഈ പ്രവൃത്തിയുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ